


● സ്വന്തം ലേഖകൻ

# ആലപ്പുഴയിൽ സംഭവിക്കുന്നത്

**പരിസ്ഥിതി നശീകരണം വികസനത്തിന്റെ ഭാഗം തന്നെയാണെന്ന് ആവർത്തിക്കുന്ന ഭരണാധികാരികൾക്കു മുന്നിൽ പരിസ്ഥിതി സംരക്ഷണമെന്നത് വികസനവിരുദ്ധമല്ലെന്നും അത് മനുഷ്യന്റെ കൂടി നിലനിൽപ്പിനായുള്ളതാണെന്ന് ഓർമ്മപ്പെടുത്തുന്നതാകുന്നു കരിമണൽ ഖനനത്തിനെതിരായ ജനകീയ മുന്നേറ്റം.**

**ആ**ലപ്പുഴയിലെ തീരപ്രദേശങ്ങളിൽ ജനകീയ പ്രതിരോധത്തിന്റെ അലയടി. വികസനത്തിന്റെ പേരിൽ പുറന്തള്ളപ്പെടുന്ന പ്രാദേശിക ജനതയുടെ അഭൂതപൂർവ്വമായ കൂട്ടായ്മയുടെ ആർത്തിരമ്പലാണ് ഇവിടെ. പരിസ്ഥിതി നശീകരണം വികസനത്തിന്റെ ഭാഗം തന്നെയാണെന്ന് ആവർത്തിക്കുന്ന ഭരണാധികാരികൾക്കു മുന്നിൽ പരിസ്ഥിതി സംരക്ഷണമെന്നത് വികസനവിരുദ്ധമല്ലെന്നും അത് മനുഷ്യന്റെ കൂടി നിലനിൽപ്പിനായുള്ളതാണെന്ന് ഓർമ്മപ്പെടുത്തുന്നതാകുന്നു കരിമണൽ ഖനനത്തിനെതിരായ ജനകീയ മുന്നേറ്റം.

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ പാട്ട വ്യവസ്ഥയിൽ കരിമണൽ ഖനനം നടന്നാൽ ഒരു സ്വകാര്യ കമ്പനിക്ക് അനുമതി നൽകാൻ സർക്കാർ മുതിർന്നതാണ് ജനരോഷമുയർത്തിയിട്ടുള്ളത്. ജനങ്ങളുടെ ജീവിതമോ പരിസ്ഥിതി ആവാസ വ്യവസ്ഥയോ കണക്കിലെടുക്കാതെ, ധാതു സമ്പുഷ്ടമായ ഈ ദേശത്തെ കൊള്ളയടിക്കാൻ സ്വകാര്യമേഖലക്ക് തീറെഴുതികൊടുക്കുന്ന സർക്കാർ സമീപനത്തിനെതിരായാണ് ഇവിടത്തെ പോരാട്ടം.


ജില്ലയുടെ പടിഞ്ഞാറേ തീരത്ത് തെക്കേയറ്റത്തുള്ള തൃക്കുന്നപ്പുഴ-ആറാട്ടുപുഴ പഞ്ചായത്തുകളും ചേർന്നുള്ള തീരപ്രദേശവും ധാതുമണൽ സമ്പന്നമാണ്, തൃക്കുന്നപ്പുഴ മുതൽ വലിയഴിയ്ക്കൽപൊഴി വരെയുള്ള തീരത്തുനിന്ന് മണൽ ഖനനം നടത്താൻ ചില സ്വകാര്യ കമ്പനികൾ മുന്നോട്ടു വരികയും തീരപ്രദേശം വിലയ്ക്കു വാങ്ങുകയും ചെയ്തതോടെയാണ് വിവാദമുയരുന്നത്. കൊല്ലം ജില്ലയിലെ തീരപ്രദേശത്തു നിന്ന് ഇപ്പോൾ തന്നെ ധാതുമണൽ ശേഖരിക്കുന്നുണ്ട്. പെയിന്റ്, തുണിത്തരങ്ങൾ, പ്ലാസ്റ്റിക്ക്, റബ്ബർ ഉൽപ്പന്നങ്ങൾ, കടലാസ് തുടങ്ങിയവ മുതൽ വിമാനങ്ങൾ, ബഹിരാകാശ പേടകങ്ങൾ യുദ്ധോപകരണങ്ങൾ എന്നിവവരെയുള്ള വിവധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു അസംസ്കൃത വസ്തുവായ ടൈറ്റാനിയം ലോഹത്തിന്റെ പ്രധാന അയിരുകളായ ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമിനൈറ്റ്, സീർകോൺ എന്നിവ അടങ്ങിയിട്ടുള്ളതാണ് ധാതുമണൽ. ലോകത്ത് പൊതുവെ ഇത്തരം മണൽശേഖരം കുറഞ്ഞുവരികയാണിപ്പോൾ. നിലവിൽ സംസ്ഥാനത്ത് ഐ.ആർ.ഇ., കെ.എം.എം.എൽ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ധാതുമണൽഖനനസംസ്കരണരംഗത്തുണ്ട്. ഇവയെ മാറ്റി നിർത്തിയാണ് കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽസ് എന്ന സ്വകാര്യ കമ്പനിക്ക് ഈ തീരപ്രദേശം സർക്കാർ അനുവദിച്ചുകൊടുത്തത്. 1991 മുതൽ ആരംഭിച്ച ഈ നീക്കങ്ങൾ ബഹുജനവികാരത്തെത്തുടർന്ന് അന്ന് മാറ്റിവച്ചതായിരുന്നു. 1996ൽ വീണ്ടും അനുമതി നൽകുകയും തുടർന്ന് അധികാരത്തിൽ വന്ന സർക്കാർ അനുമതി പിൻവലിക്കുകയും ചെയ്തതാണ് ഈ പദ്ധതി.

ജനതാൽപര്യം കണക്കിലെടുത്തു മാത്രമേ പദ്ധതി നടപ്പിലാക്കൂ എന്ന് ആണയിട്ടിരുന്ന നിലവിലുള്ള സർക്കാർ കഴിഞ്ഞ ഏപ്രിൽ 30 നാണ് കമ്പനിക്ക് ഖനാനുമതി നൽകിയത്. എന്നാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പുതന്നെ തീരത്തെ ഏക്കർകണക്കിന് ഭൂമി കമ്പനി സ്വന്തമാക്കിക്കഴിഞ്ഞിരുന്നു! പ്രതിവർഷം ഒരു ലക്ഷം മെഗാടൺ ഇൽമനൈറ്റ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പ്ലാന്റും അതിനാവശ്യമായ ധാതുമണൽ ഖനനം ചെയ്യാനുള്ള സംവിധാനവും സ്ഥാപിക്കാനാണ് കമ്പനി ഉദ്ദേശിക്കുന്നത്. നൂറുകോടി രൂപയാണ് മുതൽമുടക്ക്.

### ഖനനം വരുത്തുന്ന വിന

തീരപ്രദേശം മുഴുവൻ നശിക്കുകയും കടൽ കരയിലേക്കും കയറിവരാൻ ഇടയാക്കുകയും ചെയ്യുന്നു എന്നതാണ് മണൽ ഖനനത്തിന്റെ പ്രധാന പ്രത്യാഘാതം. രൂക്ഷമായ കടലാക്രമണവും തീരം ഒലിച്ചു പോകലും ഇപ്പോൾത്തന്നെ നിലനിൽക്കുന്ന ഈ പ്രദേശത്തിന് ഇത് കടുത്ത ഭീഷണിയാണ് ഉയർത്തുക. ഏറെ ഇടുങ്ങിയ ഒരു നാടയുടെ ഘടനയുള്ള

താണ് കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരഭൂമി. അറബിക്കടലിന്റെയും കായംകുളം കായലിന്റെയും ഇടയിൽ കിടക്കുന്ന ഈ പ്രദേശത്തിന്റെ വീതി 100 മീറ്ററിൽ താഴെ മാത്രമാണ്. ചിലയിടങ്ങളിൽ ഇത് 50 മീറ്ററിനടുത്തു മാത്രവും! കടൽ കരയിലേക്ക് അടിച്ചു കയറുന്നതിന്റെ ഫലമായി പൊതുതീരം പലയിടത്തും നിലവിലില്ലെന്ന് അനുഭവം വെളിപ്പെടുത്തുന്നു. ഈ പ്രവണത ശക്തിപ്പെടുത്താൻ മണൽഖനനം വഴിയൊരുക്കുമെന്നത് തർക്കമറ്റതാണ്. കടലും കായലും തമ്മിൽ സന്ധിക്കുന്നതിനും ഈ പ്രദേശം മുഴുവൻ കടലിൽ മുങ്ങുന്നതിനും ഇത് ഇടയാക്കും. ഉപ്പുവെള്ളം കയറി കുട്ടനാടൻ പ്രദേശത്തെ കൃഷി നശിക്കുക എന്നതായിരിക്കും ഇതിന്റെ ഫലമായുള്ള ദുരന്തം. കടലിലെ മത്സ്യബന്ധനത്തിനെ ദോഷകരമായി ബാധിക്കുന്നതാണ് തീരപ്രദേശത്തെ മണൽ ഖനനം. കടൽക്കാല് എന്നു വിളിക്കപ്പെടുന്ന കടൽത്തട്ടിലെ പ്രതിഭാസത്തിനു ചുറ്റും ചെളിയ അടിയുകയും കടൽ സസ്യങ്ങൾ വളരുകയും ചെയ്യുന്നത് മത്സ്യ പ്രജനനത്തിന് അനുകൂലമായി മാറുകയാണ് ചെയ്യുന്നത്. എന്നാൽ ഈ സ്വാഭാവിക അവസ്ഥ മണലൂറ്റിലൂടെ തകർക്കപ്പെടുമ്പോൾ മത്സ്യസ



## ഒരു ചാക്ക് മണൽ എടുക്കുന്നതോ പ്രശ്നം?

കരിമണൽഖനനത്തിനെതിരെ തീരവാസികൾ പ്രക്ഷോഭം തുടരുമ്പോൾ കേരളത്തിലെ മുഖ്യധാര കക്ഷികളുടെയും മാദ്ധ്യമങ്ങളുടെയും കാഴ്ചപ്പാടിലെ പാപ്പരത്തം കൂടുതൽ വെളിപ്പെടുന്നു. നശീകരണ വികസനത്തിലും പരിസ്ഥിതി സംരക്ഷണത്തിനുമിടയിൽ ശരിയായ ഒരു നിലപാടെടുക്കാൻ തങ്ങൾക്കാവില്ലെന്ന് തെളിയിക്കുകയാണ് അവർ വീണ്ടും.

എന്തു തന്നെയായാലും കരിമണൽ ഖനനം തുടരുക തന്നെ ചെയ്യുമെന്ന വാശിയിലാണ് ഭരണകൂടമിപ്പോൾ. പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്തുവരുന്ന അഴിമതിക്കഥകൾ അത് വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ പദ്ധതിയെ എതിർക്കു ന്നവർ തേജോവധം ചെയ്യപ്പെടുകയാണിവിടെ.

മണൽഖനനത്തിനെതിരെ ജനപക്ഷ നിലപാട് കൈക്കൊണ്ട വി.എം.സുധീരൻ എം.പി. യാണ് ഇപ്പോൾ ഇവരുടെ കണ്ണിലെ പ്രധാന കരട്. "ഒരു ചാക്ക് മണലെടുത്താൽ രാജിവെക്കുമെന്ന് പറയുന്ന എം.പി.മാരാണിവിടെയുള്ളത്" എന്നാണ് സുധീരനെപ്പറ്റി ആസൂത്രണ ബോർഡ് അംഗം സി.പി.ജോൺ അഭിപ്രായം പറഞ്ഞത്! മന്ത്രി എം.എം.ഹസ്സൻ, കുഞ്ഞാലിക്കുട്ടി തുടങ്ങിയവരും തങ്ങളുടെ വിഡ്ഢിത്തങ്ങൾ പ്രസ്താവനകളിലൂടെ എഴുന്നള്ളിക്കുന്നുണ്ട്.

ഇപ്പോൾ സമരത്തിൽ സജീവമായി രംഗത്തുണ്ടെങ്കിലും തുടക്കത്തിൽ കാഴ്ചക്കാരായി മാറി നിന്ന സി.പി.എമ്മും വിമർശനമർഹിക്കുന്നു. മേധാപട്ക്കറുടെ വരവിനു ശേഷം ഗത്യന്തരമില്ലാതെയാണ് എം.എ.ബേബി സമരത്തിൽ പങ്കുചേർന്നത്.

കടൽമണൽ ഖനനം നിരവധി രാജ്യങ്ങളിൽ വിജയകരമായി നടന്നുവരുന്നുണ്ടുവെന്ന് അഭിപ്രായപ്പെടുന്നവർ മറ്റു പല രാജ്യങ്ങളിൽ ഖനനം നിരോധിക്കുന്നുവെന്ന് മറച്ചുവെക്കുകയാണ്. ഇന്തോനേഷ്യ കഴിഞ്ഞ ഫെബ്രുവരിയിലാണ് പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ ഖനനം നിർത്തിവെച്ചത്. സിംഗപ്പൂർ നഗരത്തിൽ കടൽതീരത്ത് മണ്ണിടിച്ചിൽ ഉണ്ടായതും, കരീബിയൻ ദ്വീപായ ടൊബാഗോയിൽ കടലാക്രമണമുണ്ടായതും ഖനനം മൂലമാണെന്ന് വെളിപ്പെട്ടിട്ടുണ്ട്. ഖനനം അവസാനിപ്പിച്ച് സംരക്ഷണ പ്രവർത്തനങ്ങൾക്കായി മിനക്കെടുകയാണ് ന്യൂസിലാന്റിലെ വിറിയോവോബീച്ച് ഇപ്പോൾ. പോർച്ചുഗലിലെ സാവോമിഗ്വൽ, സാൻഡാബാർബറ തുടങ്ങിയ പ്രദേശങ്ങളിലും ധാതുമണൽ ഖനനം നിരോധിച്ചിട്ടുണ്ട്.

ലോകത്തിലെ മറ്റു ഭാഗങ്ങളിൽ ധാതു നിക്ഷേപം കുറഞ്ഞുവരുമ്പോൾ ഇന്നത്തെ ഉപയോഗ രീതിയിൽ നോക്കിയാൽ അടുത്ത 300 വർഷത്തേക്കുള്ള ധാതുമണൽ സമ്പത്ത് ഇന്ത്യയിലുണ്ടെന്നാണ് കണക്ക്. ആലപ്പുഴ തീരത്തെ മണലാകട്ടെ ലോകത്തെ ഏറ്റവും സമ്പന്നമായ ലോഹമണൽ നിക്ഷേപമുള്ളതാണ്. 1962 ലെ അണുശക്തി നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസായമേഖല പൂർണ്ണമായും പൊതുമേഖലയിൽ മാത്രമായിരുന്നു. 1991ലും പിന്നീട് 98 ലുമാണ് ഇത് സ്വകാര്യമേഖലക്കും തുറന്നു കൊടുത്തത്. വിദേശ-സ്വദേശ കുത്തകകൾ സർക്കാരുമായി ചേർന്ന് രൂപവൽക്കരിക്കുന്ന സംയുക്ത സംരഭത്തിന്റെ ലക്ഷ്യം ഇതിൽ നിന്നെല്ലാം വ്യക്തമാണല്ലോ.

ആലപ്പുഴതീരത്ത് കോടികളുടെ നിക്ഷേപമുണ്ടെന്നും അത് കടലിൽ ഒഴുകിപ്പോകുന്നുവെന്നും വിലപിക്കുന്നവർ തീരദേശത്തെ ജീവിതങ്ങളെ കണ്ടില്ലെന്നു നടിക്കുകയാണ്. 2 പഞ്ചായത്തുകൾ കടലിൽ മുങ്ങിപ്പോകാൻ ഇടയാകുന്നതാണ് ഇതെന്ന് അവർ സൗകര്യപൂർവ്വം മറക്കുന്നു. കരിമണലിൽ നിന്നും ലഭിക്കുന്ന വൻതുകകളുപയോഗിച്ച് പുനരധിവാസവും മറ്റും നടത്താമെന്നാണ് ചിലരുടെ കണ്ടെത്തൽ.

വികസനത്തിനായി ആദിവാസികൾ കാട്ടിൽ നിന്നും കുടിയിറക്കപ്പെടുന്നു. മുക്കുവർ കടപ്പുറത്തു നിന്നും ആട്ടിയോടിക്കപ്പെടുന്നു........

ഇതിന്റെ പേര് വികസനം എന്നു തന്നെയോ? ●

മ്പത്ത് നശിക്കുകയും ചാകരപോലുള്ള പ്രതിഭാസങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്നു. കടൽക്കാലുകൾ നശിക്കുന്നത് കടലാക്രമണം രൂക്ഷമാക്കാനും ഇടവരുത്തും. ചവറ, കരുനാഗപ്പള്ളി തീരപ്രദേശത്ത് നിലവിൽ കരിമണൽ ഖനനമുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. മത്സ്യബന്ധനത്തിന് പേരുകേട്ട കായിലോൺ ബംഗ് എന്ന പ്രതിഭാസം ഇന്ന് അപ്രത്യക്ഷമായിട്ടുണ്ട്. അറബിക്കടലിന്റെ തീരത്ത് ഇന്നും ചാകര അവശേഷിക്കുന്ന പ്രദേശം തൃക്കുന്നപ്പുഴ പഞ്ചായത്തിലാണ്. മത്സ്യബന്ധനത്തിൽ ഇടിവുണ്ടാകുന്നത് തീരപ്രദേശങ്ങളിലെ ജീവിതത്തെ എങ്ങനെ ബാധിക്കുമെന്നത് ഊഹിക്കാവുന്നതേയുള്ളൂ. പരമ്പരാഗത തൊഴിൽമേഖലയായ മത്സ്യബന്ധനം നശിക്കുന്നതോടെ തൊഴിലില്ലായ്മയും, പട്ടിണിയുമാണ് ഇവിടെ പടരുക.

### തൊഴിൽ സാധ്യത-സത്യവും മിഥ്യയും

തൊഴിൽ സാധ്യതയുടെ പേരിൽ പുതിയ പദ്ധതിയെ സ്വീകരിക്കണമെന്ന വാദമാണ് ഈ പ്രദേശത്തെ കരിമണൽ ഖനനത്തെ അനുകൂലിക്കുന്നവർ പ്രധാനമായും ഉയർത്തുന്നത്. എന്നാൽ ഈ വാദത്തിൽ കഴമ്പില്ലെന്ന് ഒറ്റനോട്ടത്തിൽ തന്നെ വ്യക്തമാകും. മുന്നൂറോളം പേർക്ക് പുതിയ വ്യവസായം തൊഴിൽ നൽകുമെന്നാണ് വാദം. അഞ്ഞൂറോളം പേർക്ക് പരോക്ഷ തൊഴിലും വാഗ്ദാനം ചെയ്യപ്പെടുന്നു. പുതിയ തൊഴിൽ നയം അനുസരിച്ച് ഈ 300 പേർ സ്ഥലവാസികൾ ആകണമെന്നില്ല എന്നത് ഇവിടെ മറച്ചുവയ്ക്കുന്നു. അതേ സമയം പുതിയ വ്യവസായം മൂലം ഇരുപതിനായിരത്തിനു മുകളിൽ ജനങ്ങളുടെ ജീവിതമാർഗമാണ് തകർക്കപ്പെടുന്നത്. ഇപ്പോൾ പോലും ജീവിത സുരക്ഷയില്ലായ്മ അനുഭവിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സുരക്ഷ കൂടിയാണ് ഇതുവഴി തകർക്കപ്പെടുന്നത്.

### ഉയരുന്ന പ്രതിഷേധം

കരിമണൽ ഖനനത്തെ എതിർക്കാൻ തുടക്കത്തിൽ ഏതാനും പ്രസ്ഥാനങ്ങളെ ഉണ്ടായിരുന്നുള്ളൂ എങ്കിലും ഇന്ന് ഇത് ശക്തമായ ഒരു ജനമുന്നേറ്റമായി മാറിക്കഴിഞ്ഞു. സി.പി.ഐ., ജനകീയ പ്രതിരോധ സമിതി, കേരള ശാസ്ത്രസാഹിത്യപരിഷത്ത് എന്നിവയുടെ കൂട്ടായ്മയായിരുന്നു ആദ്യകാലത്ത് പ്രതിഷേധമുയർത്തിയത്. പ്രണവം, യുവശക്തി, നവഭാരത്, തീര സംരക്ഷണ സമിതി എന്നിവരും മുൻപന്തിയിലുണ്ടായിരുന്നു. പ്ലാച്ചിമട മുതൽ അയോദ്ധ്യ വരെ നടത്തിയ യാത്രക്കിടയിൽ മേധാപട്ക്കർ പ്രദേശം സന്ദർശിച്ചതോടെയാണ് പോരാട്ടം ഊർജ്ജിതമായത്. ഒപ്പം ശക്തമായ നിലപാടുമായി വി.എം.സുധീരൻ എം.പി. യും രംഗത്തെത്തിയതോടെ പ്രക്ഷോഭം വൻ മുന്നേറ്റമായി. അതുവരെ മാറിനിന്നിരുന്ന സി.പി.എം., കോൺഗ്രസ്സ് പ്രസ്ഥാനങ്ങൾ ഇപ്പോൾ പ്രക്ഷോഭത്തിൽ പങ്കുചേർന്നിട്ടുണ്ട്. സുധീരൻ. ടി.ജെ.ആഞ്ചലോസ്, മേധാപട്കറുടെ വരവിനുശേഷമാണെങ്കിലും രംഗത്തെത്തിയ എം.എ.ബേബി എന്നിവരാണ് മരത്തിന് ഇപ്പോൾ ശക്തിപകരുന്നത്.

പുത്തൻ വികസനങ്ങൾ കേരളത്തിലെ പ്രാദേശിക സമൂഹത്തിൽ ഉയർത്തുന്ന സംഘർഷങ്ങളിലെ ശ്രദ്ധേയമായ ഒരു അധ്യായമാകുകയാണ് ആലപ്പുഴ. നശീകരണത്തിനെതിരെ, അതിജീവനത്തിനായി പ്രദേശിക ജനത നടത്തുന്ന ചെറുത്തു നിൽപ്പിലെ അവഗണിക്കാനാകാത്ത കണ്ണിയായി കരിമണൽ ഖനനവും ജനപ്രക്ഷോഭവും ഈ തീരഭൂമിയെ മാറ്റിക്കഴിഞ്ഞു. ●



അമ്മവഴികൾ

## മഴയറിവുക്യാമ്പ്

കേരളീയം ട്രസ്റ്റിന്റേയും വയനാട് ഉറവ് നാടൻ ശാസ്ത്രസാങ്കേതിക പഠനകേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ആഗസ്റ്റ് 9,10 (കർക്കിടകം 24, 25) തീയതികളിലായി വയനാട്ടിലെ ലക്കിടിയിൽ വെച്ച് മഴയറിവുക്യാമ്പ് സംഘടിപ്പിക്കുന്നു.

പൂക്കോട് തടാകം, താമരശ്ശേരിചുരം, ലക്കിടി എന്നിവിടങ്ങളിൽ വെച്ച് നടക്കുന്ന ക്യാമ്പിന്റെ ഭാഗമായി മഴനടത്തം, അനുഭവങ്ങൾ പങ്കിടൽ, മഴയുടെ നാട്ടറിവുകൾ പങ്കിടൽ, ഡോക്യുമെന്ററി-സിനിമാപ്രദർശനങ്ങൾ, സാംസ്കാരിക സംഗമം, കവിയരങ്ങ്, ഫോട്ടോ-ചിത്രപ്രദർശനം എന്നിവ നടക്കും.

തിരഞ്ഞെടുക്കുന്ന 50 പേർക്കായിരിക്കും ക്യാമ്പിൽ പ്രവേശനം നൽകുക. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കെ.എസ്. പ്രമോദ്, കൺവീനർ, മഴയറിവുക്യാമ്പ്, കേരളീയം, തൃശൂർ-21 എന്ന വിലാസത്തിലോ 0487-2421385 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടണം.

## മഴ-ഫോട്ടോപ്രദർശനം

മഴ വിഷയമാക്കി എടുത്ത ഫോട്ടോകളുടെ പ്രദർശനം സംഘടിപ്പിക്കുന്നു. കേരളീയം ട്രസ്റ്റും വയനാട് ഉറവ് നാടൻ ശാസ്ത്രസാങ്കേതിക പഠനകേന്ദ്രവും ചേർന്ന് ആഗസ്റ്റ് 9, 10 തിയ്യതികളിലായി വയനാട്ടിലെ ലക്കിടിയിൽ വെച്ച് സംഘടിപ്പിക്കുന്ന മഴയറിവുക്യാമ്പിനോടനുബന്ധിച്ചാണ് ഫോട്ടോപ്രദർശനം. പ്രദർശനത്തിൽ ഫോട്ടോകൾ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നവർ 12x3'', 10x3'' വലിപ്പത്തിലുള്ള ഫോട്ടോകൾ ജൂലായ് 31-ാം തിയ്യതിയ്ക്കുമുൻപായി അയച്ചു തരണം. തെരഞ്ഞെടുക്കുന്ന ഫോട്ടോകൾക്ക് പുരസ്കാരം നൽകുന്നതിന് പുറമെ കേരളത്തിന്റെ പല ഭാഗങ്ങളിലായി നടത്തുന്ന പ്രദർശനത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും.

വിലാസം : കെ.എസ്. പ്രമോദ്, കൺവീനർ, മഴയറിവു ക്യാമ്പ്, C/o. കേരളീയം, തൃശൂർ-21. ഫോൺ : 0487-2421385